(1)	(2)	(3)
17	താമരശ്ശേരി	തൊട്ടിൽപ്പാലം, കൊടുവള്ളി, കല്ലാച്ചി, ബാലുശ്ശേരി, മുക്കം
18	വയനാട്	പുൽപ്പള്ളി, സുൽത്താൻബത്തേരി
19	കണ്ണൂർ	ശ്രീകണ്ഠാപുരം, ചെറുപുഴ, പഴയങ്ങാടി, ചക്കരക്കല്ല്, കൊളച്ചേരി, ആലക്കോട്
20	കാസർഗോഡ്	ചട്ടഞ്ചാൽ, മാലക്കല്ല്
21	ചെർപ്പുളശ്ശേരി	ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം
22	മട്ടന്നൂർ	ഇരിട്ടി, പാനൂർ
23	ഇരിങ്ങാലക്കുട	പുതുക്കാട്, മുകുന്ദപുരം

(ബി) 2015-16 ബഡ്ജറ്റിൽ 4059-01-051-65- Construction of Building and Treasuries and Related other Infrastructure Development (One time ACA)എന്ന ശീർഷകത്തിൽ 878 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാൻ DPR തയ്യാറാക്കി. സമർപ്പിക്കുവാൻ PWD-യോട് ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത DPR ട്രഷറി ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

അന്യസംസ്ഥാന ലോട്ടറികൾ

130(2119) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യസംസ്ഥാന ലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ലോട്ടറികൾ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തട്ടിപ്പുകൾ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിലിപ്പോൾ അന്യസംസ്ഥാന ലോട്ടറികൾ പ്രവർത്തിക്കുന്നില്ല

(സി)ഭാഗ്യക്കുറി മോണിറ്ററിംഗ് സമിതി പുന:സംഘടിപ്പിക്കണമെന്ന ഭാഗ്യക്കുറി ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് 7-1-2012-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 26/12/റ്റി.ഡി. ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന സംസ്ഥാനതല മോണിറ്ററിംഗ് സമിതി പുന:സംഘടിപ്പിച്ചുകൊണ്ടും ജില്ലാ തലത്തിൽ പുതിയ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അദ്ധ്യക്ഷനായും പോലീസ് റേഞ്ച് ഐ.ജി.-മാർ, ഭാഗ്യക്കുറി ഡയറക്ടർ, വാണിജ്യ നികുതി ജോയിന്റ് കമ്മീഷൻ, ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളായുമാണ് സംസ്ഥാനതല മോണിറ്ററിംഗ് സമിതികൾ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതുകൂടാതെ ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ഇന്റലിജൻസ് വിഭാഗം എസ്.പി., ഭാഗ്യക്കുറി ജോയിന്റ് ഡയറക്ടർ, വാണിജ്യനികുതി ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി ജില്ലാതല മോണിറ്ററിംഗ് സമിതികളും നിലവിൽവന്നു. അന്യസംസ്ഥാന അനധികൃത ഭാഗ്യക്കുറി വിൽപ്പനയെ സംബന്ധിച്ച പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻതന്നെ ആയതിന്മേൽ സംസ്ഥാനതല മോണിറ്ററിംഗ് സെൽ നടപടി എടുത്തുവരുന്നുണ്ട്. 1998 ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ)നിയമം സെക്ഷൻ II സബ് സെക്ഷൻ (I)-ന് അനുബന്ധമായി 2010 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാർ നടത്തിയ ചട്ട നിർമ്മാണം ഫലത്തിൽ പേപ്പർ/ഓൺലൈൻ ലോട്ടറി വിഭജനം വരുത്തിയിട്ടുണ്ട്.

കരൾ മാറ്റിവയ്ക്കുന്നതിന് സഹായം

131(2120) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കരൾ മാറ്റിവയ്ക്കുന്നതിന് വിധേയരാവുന്നവരുടെ എണ്ണംകൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ചികിത്സയുടെ ഭാരിച്ച ചെലവ് കണക്കിലെടുത്ത് കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്ന് സഹായധനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കരൾ മാറ്റി വയ്ക്കുന്നവർക്ക് സർക്കാർ സർവീസിൽ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly